**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5419** **15-03-2023 - ൽ മറുപടിയ്ക്ക്**

**സർവകലാശാലകൾക്ക് ഗ്രാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | അതത് സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന ബഡ്ജറ്റിൽ സർവകലാശാലകൾക്ക് വകയിരുത്തിയ പ്ലാൻ ഗ്രാന്റ് കൃത്യമായി അനുവദിക്കാത്തത് മൂലം 30.08.2018 തീയതിയിലെ GO(P)No.138/2018/Fin. സർക്കാർ ഉത്തരവ് പ്രകാരം സർവകലാശാലകൾ തനത് ഫണ്ടിൽ നിന്നും തുകയെടുത്ത് പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കാറുണ്ടോയെന്നും അപ്രകാരം സർവകലാശാലകൾ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക പൂർണമായും സർക്കാരിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ടോയെന്നും വിശദമാക്കാമോ; | (എ) | എം.ജി., കണ്ണൂർ, കാലിക്കറ്റ്, കുസാറ്റ്, ശ്രീനാരായണഗുരു ഓപ്പൺ, എ.പി.ജെ. സാങ്കേതികശാസ്ത്ര സർവകലാശാലകൾ തനത് ഫണ്ടിൽ നിന്നുള്ള തുക പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്.<br><br>സർവകലാശാലകൾ ലഭ്യമാക്കിയ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു :<br><br>**മഹാത്മാഗാന്ധി സർവകലാശാല**<br><br>2022-23 വാർഷിക പദ്ധതിയ്ക്കായി സർവകലാശാല തനത് ഫണ്ടിൽ നിന്ന് 77,77,588/- രൂപ ചെലവഴിച്ചിട്ടുണ്ട്. ടി തുക പ്ലാൻ ഫണ്ടിൽ നിന്നും recoup ചെയ്തിട്ടുണ്ട്.<br><br>**കണ്ണൂർ സർവകലാശാല**<br><br>2021-22 സാമ്പത്തിക വർഷത്തിൽ മാത്രമാണ് പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ തനത് ഫണ്ട് ഉപയോഗിച്ചിട്ടുള്ളത്. 46,86,765/- രൂപ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചു. ഈ തുക സർക്കാരിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.<br><br>**കാലിക്കറ്റ് സർവകലാശാല**<br><br>2017-18 വാർഷിക പദ്ധതിയ്ക്കായി സർക്കാരിൽ നിന്ന് ലഭിച്ചത് 5 കോടി രൂപയും ചെലവഴിച്ചത് 17,61,93,420/- രൂപയുമാണ്. 2018-19 വാർഷിക പദ്ധതിയ്ക്കായി സർക്കാരിൽ നിന്ന് ലഭിച്ചത് 13 കോടി രൂപയും ചെലവഴിച്ചത് 14,42,08,407/- രൂപയുമാണ്. മേൽ വർഷങ്ങളിൽ മുഴുവൻ തുകയും ലഭിക്കാത്തതിനാൽ യൂണിവേഴ്സിറ്റിയുടെ കണ്ടിജൻസി ഫണ്ടിൽ നിന്നും പദ്ധതികളുടെ നടത്തിപ്പിലേക്കായി 2018-19 ൽ 14,04,01,827/- രൂപ ചെലവഴിച്ചു. പ്രസ്തുത തുക സർക്കാരിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. |

കൂടാതെ, 2019-20 സാമ്പത്തിക വർഷം 8 കോടി രൂപ സർക്കാരിൽ നിന്ന് അനുവദിക്കുകയും 13,43,52,679/- രൂപ ചെലവഴിക്കുകയും ചെയ്തു. പദ്ധതി വർഷത്തിൽ മതിയായ ഫണ്ട് ലഭ്യമാകാത്തതിനാൽ പൂർത്തീകരിച്ച പദ്ധതികളുടെ ബില്ലുകൾ തീർപ്പാക്കുന്നതിനായി സർവകലാശാല തനത് ഫണ്ടിൽ നിന്നും 2,60,05,799/- രൂപ ചെലവഴിച്ചിട്ടുണ്ട്.

2019-20 സാമ്പത്തിക വർഷം സർക്കാരിൽ നിന്ന് 8 കോടി രൂപ അനുവദിക്കുകയും 13,43,52,679/- രൂപ ചിലവഴിക്കുകയും ചെയ്തു. ഇത് പദ്ധതി വിഹിതമായി ലഭിച്ച 8 കോടി രൂപയെക്കാൾ 5,43,52,679/- രൂപ അധികമാണ്. പ്രസ്തുത അധിക തുകയിൽ, വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് തീർപ്പാക്കാതെ പോയ ബില്ലുകളിലുള്ള തുകയായ 2,83,46,880/- രൂപ 2020-21 സാമ്പത്തിക വർഷത്തെ പ്ലാൻ ഗ്രാന്റിൽ നിന്നും അനുവദിക്കുകയും ചെയ്തു.

നടപ്പ് സാമ്പത്തിക വർഷം (2022-23) പ്ലാൻ ഫണ്ടിന്റെ അഭാവം മൂലം 2,47,12,963/- രൂപ പൂർത്തീകരിച്ച പ്രവർത്തികളുടെ ബില്ലുകൾ തീർപ്പാക്കുന്നതിനായി സർവകലാശാലയുടെ തനത് ഫണ്ടിൽ നിന്നും വിനിയോഗിച്ചിട്ടുണ്ട്.

**<u>കൊച്ചി ശാസ്ത്ര-സാങ്കേതിക സർവകലാശാല</u>**

2018-19 സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ കൊച്ചി ശാസ്ത്ര-സാങ്കേതിക സർവകലാശാല തനതുഫണ്ടിൽനിന്നും 1 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ തുക സർക്കാരിൽ നിന്നും തിരികെ ലഭ്യമാക്കിയിട്ടില്ല.

**<u>ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി</u>**

2020-21, 2021-22 സാമ്പത്തിക വർഷത്തിൽ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടില്ല.

2022-23 വർഷം പ്ലാൻ ഗ്രാന്റിനു പകരം ചെലവഴിച്ച തനത് ഫണ്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

Plan Salary – 20,10,667/-

Plan Non Salary – 68,99,830/-

**<u>എ.പി.ജെ.അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവകലാശാല</u>**

| | | | |
|---|---|---|---|
| | | | സർവകലാശാലയുടെ സ്ഥിര ആസ്ഥാന മന്ദിര നിർമ്മാണത്തിനായുള്ള സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് 2019-20 സാമ്പത്തിക വർഷം 50 ലക്ഷം രൂപയും 2020-21 സാമ്പത്തിക വർഷം 106.91 കോടി രൂപയും 2021-22 സാമ്പത്തിക വർഷം 71.70 കോടി രൂപയും സർവകലാശാലയുടെ തനത് ഫണ്ടിൽ നിന്നും ചിലവാക്കിയിട്ടുണ്ട്. പ്രസ്തുത തുക സർക്കാരിൽ നിന്നും പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല. |
| (ബി) | പ്രസ്തുത സർക്കാർ ഉത്തരവ് കണക്കിലെടുത്ത് സർവകലാശാലകൾ നിലവിലും തനത് ഫണ്ടിൽ നിന്നും തുകയെടുത്ത് പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കാറുണ്ടെങ്കിൽ ആയതിന്റെ 2018-19 സാമ്പത്തിക വർഷം മുതലുള്ള വിശദാംശം സർവകലാശാല തിരിച്ച് ലഭ്യമാക്കാമോ? | (ബി) | (എ)-യിൽ നൽകിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ